Form 16 എങ്ങനെ ഡൗൺലോഡ് ചെയ്യാം
എന്താണ് ഫോം16 ? അത് ആരാണ് നൽകേണ്ടത് ?

Form 16 എന്നുവച്ചാൽ നമ്മൾ ഒരു സാധനം വങ്ങുമ്പോൾ നമുക്ക് കിട്ടുന്ന റസീപ്റ്റ് പോലെയാണ്.

അതായത് DDO യുടെ നിർദേശപ്രകാരം ട്രഷറി ഓഫീസർ സാലറിയിൽ നിന്ന് TDS കിഴിച്ചതിനുശേഷം RPU വഴി ഓഫീസ് മേലധികാരി/DDO ഇൻകംടാക്സിന് വിവരങ്ങൾ കൈമാറുന്നതോടെ, ഇൻകംടാക്സ് ഡിപ്പാർട്ട്മെൻറ് നൽകുന്ന ഒരു റെസിപ്റ്റ് ആണ് form16.


ഒരു ജീവനക്കാരന് പല form16 നുകൾ ഉണ്ടാകാം. Form 16 നൽകേണ്ട ഉത്തരവാദിത്വം ഓഫീസ് മേലധികാരി / DDO ക്കാണ്.

ഒരു ഡിഡക്ടർക്ക് (DDO) ജീവനക്കാരന് വേണ്ടി form16 നൽകണം എന്നുണ്ടെങ്കിൽ അവരുടെ വിവരങ്ങൾ TDS Q4 ലെ annexure 2 ൽ രേഖപ്പെടുത്തേണ്ടതാണ്.

Annexure 2 ൽ രേഖപ്പെടുത്താത്ത ജീവനക്കാരുടെ form 16 Traces ൽ നിന്ന് ലഭ്യമാകുന്നതല്ല. Traces ൽ നിന്ന് ലഭിക്കാത്ത form 16 അംഗീകരിക്കുന്നതല്ല.

Form16 ലഭിക്കുന്നതിനുവേണ്ടി ഏതെങ്കിലും ഒരു ജീവനക്കരൻറെ TDS ഏതെങ്കിലും ഒരു ക്വാർട്ടറിൽ പിടിക്കുകയും RPU മുഖാന്തരം അപ്‌ലോഡ് ചെയ്തിരിക്കുകയും വേണം. നേരത്തെ പറഞ്ഞതുപോലെ അവരുടെ പേര് Q4 ANNEXURE 2 ൽ ഉണ്ടാകുകയും വേണം


Q4 വിവരങ്ങൾ അപ് ലോഡ് ചെയ്തതിനു ശേഷം പ്രോസസിംഗ് കഴിഞ്ഞാലുടൻ നമുക്ക് Form16 ന് വേണ്ടിയുള്ള request TRACES ൽ നൽകാം. form16 വേണ്ടിയുള്ള request നൽകുന്ന തിനുവേണ്ടി നമ്മൾ TRACES ൽ ലോഗിൻ ചെയ്യണം




.


Q4 സ്റ്റേറ്റ്മെൻറ് IT Dept പ്രോസസ്സ് ചെയ്തതിനുശേഷം മാത്രമേ form16 ഉള്ള ഡൗൺലോഡ് നൽകാവൂ.

ആദ്യം downloads എന്ന് ലിങ്ക് ക്ലിക്ക് ചെയ്തതിനുശേഷം form16 എന്ന ബട്ടനിൽ ക്ലിക്ക് ചെയ്യുക. (ശ്രദ്ധിക്കുക form16A എന്ന് എഴുതിയിരിക്കുന്ന ലിങ്ക് Daily Wage ജീവനക്കാർക്ക് വേണ്ടിയുള്ള form16 ഡൗൺലോഡ് ചെയ്യുന്നതിന് വേണ്ടി ഉള്ളതാണ്, ഇത് എല്ലാ quarter ലും നൽകേണ്ടതാണ് )





ഡൗൺലോഡ് ചെയ്യാനുള്ള ഓപ്ഷനിൽ bulk എന്ന് നൽകുന്നതായിരിക്കും നല്ലത്.
ഇത് നൽകുമ്പോൾ തന്നെ authentication of the token എന്ന പ്രക്രിയ ചെയ്യേണ്ടതുണ്ട്. ഇത് എങ്ങനെ ചെയ്യണം എന്നുള്ളത് മുൻലക്കങ്ങളിലെ TRACES registration നിൽ പറഞ്ഞിട്ടുള്ളതാണ്.

പ്രസ്തുത request പൂർത്തിയായാൽ ഇതിൻറെ പ്രോസസിംഗ് ആരംഭിക്കും. 24 മണിക്കൂർ കഴിയുമ്പോഴേക്കും നമുക്ക് form16 ഡൗൺലോഡിനായി ലഭ്യമാകുന്നതായിരിക്കും. ഇത് ഡൗൺലോഡ് സെക്ഷനിലെ Requested Downloads നോക്കിയാൽ download ൽ സ്റ്റാറ്റസ് കാണാം




ഫോം 16 രണ്ട് പാർട്ടുകള്  ഉണ്ട്. Part A യും  Part B യും
Part A യും  Part B യും രണ്ട് പ്രത്യേകം ഫയലുകൾ ആയിട്ടാണ് നമുക്ക് ലഭിക്കുക.
ഇത് ഒരു zip ഫയൽ ആണ്.  ഇത് നേരിട്ട് നമുക്ക് തുറക്കുവാൻ സാധിക്കുന്നതല്ല.
ഈ ഫയലിൽ നിന്ന് PDF ഉണ്ടാക്കുവാൻ ഒരു tool  ആവശ്യമുണ്ട് .


അതിനായി  ഡൗൺലോഡ് സെക്ഷനിൽ ക്ലിക്ക് ചെയ്തു കഴിഞ്ഞാൽ ആദ്യം കാണുന്ന പേജിൻറെ  ആദ്യ പാരഗ്രാഫിൽ മൂന്നാം  വരിയുടെ തുടക്കത്തിൽ തന്നെ click here  എന്ന് എഴുതിയതു കാണാം.





Click here എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതോടെ വരുന്ന പേജിൽ വെരിഫിക്കേഷന് കോഡ് നൽകിയാല്  നിങ്ങൾക്ക് tools  പേജിലേക്ക് പ്രവേശനം കിട്ടും.




PDF ഉണ്ടാക്കുന്നതിനുവേണ്ടി രണ്ട് ടൂളുകൾ ഡൗൺലോഡ് ചെയ്യേണ്ടതുണ്ട്.
form16 part A pdf Converter Utility , form16 part A pdf Converter Utility .




ഡൗൺലോഡ് ചെയ്ത് ടൂളുകൾ രണ്ടും Unzip ചെയ്തിട്ടു വേണം ഉപയോഗിക്കുവാൻ.




രണ്ട് ടൂളുകളുടെയും പ്രവർത്തനം ഒരുപോലെയാണ്.
റിക്വസ്റ്റ് ഡൗൺലോഡ്സിൽ നിന്ന് ഡൗൺലോഡ് ചെയ്ത പാർട്ട് A zip ഫയൽ കൊണ്ടുവന്ന ഇട്ടാൽ നമുക്ക്PDF ലഭ്യമാകും. അത് എങ്ങനെ എന്ന് നമുക്ക് നോക്കാം





ആദ്യം Unzip ചെയ്ത ഫയലിൽ നിന്നും java file ഓപ്പൺ ചെയ്യുക. അപ്പോൾ ഒരു പുതിയ സ്ക്രീൻ ലഭ്യമാകും.

അവിടെ ആദ്യം കാണുന്ന ബ്രൗസ് ബട്ടണിൽ ക്ലിക്ക് ചെയ്തു ഫോം 16 part A ഫയൽ അറ്റാച്ച് ചെയ്യുക. പിന്നീട് പാസ്‌വേഡ് എന്നുള്ളിടത്ത് TAN നമ്പർ ക്യാപ്പിറ്റൽ അക്ഷരത്തിൽ രേഖപ്പെടുത്തുക. പിന്നീട് കാണുന്ന കോളത്തിൽ ഈ ഫയലിൽ എവിടെ save ചെയ്തു വെയ്ക്കണമെന്നതിനുള്ള ഉള്ള ഒരു സ്ഥലം രേഖപ്പെടുത്തുക (desktop ൽ ഒരു ഫോൾഡർ മതിയാകും)

( ഇപ്രകാരം കിട്ടുന്ന Form 16 PDF ൽ ഡിജിറ്റൽ സിഗ്നേച്ചർ ആവശ്യം ഉണ്ടെങ്കിൽ ആദ്യമേ തന്നെ DSC connect ചെയ്ത ശേഷം Java ഫയൽ ഓപ്പൺ ചെയ്യുക )

Form 16 PDF ഡിജിറ്റൽ സിഗ്നേച്ചർ ഇല്ലാതെയും ജനറേറ്റ് ആകുന്നതാണ് . ഡിജിറ്റൽ സിഗ്നേച്ചർ ഉണ്ടെങ്കിൽ അത് അടുത്ത് കാണുന്ന കോളത്തിൽ ചേർക്കാവുന്നതാണ്




ഇതിനു ശേഷം പ്രോസീഡ് എന്ന് താഴെക്കാണുന്ന ബട്ടൺ അമർത്തിയാല് നിങ്ങൾക്ക് എത്ര പിഡിഎഫ് ലഭിച്ചു എന്ന് ഡിസ്പ്ലേയിൽ കാണാം .

Desktop ൽ നേരത്തെ create ചെയ്ത ഫോൾഡറിൽ form 16 pdf ആയി സേവ് ആകും.